KIAL/ED/184/2023-24 04.12.2023

# കണ്ണൂർ ഇന്ററർനാഷണൽ എയർപോർട് ലിമിറ്റഡ്

## ദർഘാസ് പരസ്യം

കണ്ണൂർ ഇന്ററർനാഷണൽ എയർപോർട്ട് ക്യാമ്പസിൽ നിൽക്കുന്ന പാഴ് ചെടികൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള അവകാശം നേടുന്നതിനുവേണ്ടി, മത്സര സ്വഭാവമുള്ള ദർഘാസ് ക്ഷണിക്കുന്നു.

നിരതദ്രവ്യമായ 10,000/- രൂപയുടെ ഡ്രാഫ്റ്റ് (കണ്ണൂർ ഇന്ററർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, മട്ടന്നൂർ കണ്ണൂർ) അടക്കേണ്ടതാണ്. ആവശ്യമായ നിരതദ്രവ്യം അടക്കാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി സ്വന്തം ഉത്തരവാദിത്വത്തിൽ നിലവിലെ നിയമങ്ങൾക്കു വിധേയമായി ദർഘാസ് നിബന്ധനകൾ അനുസരിച്ചു പാഴ് ചെടികൾ മുറിച്ചു നീക്കം ചെയ്യേണ്ടതാണ്. **"കണ്ണൂർ ഇന്ററർനാഷണൽ എയർപോർട്ട് ക്യാമ്പസിലെ പാഴ് ചെടികൾ മുറിക്കാനും നീക്കം ചെയ്യുവാനുള്ള അവകാശം നേടുന്നതിനുവേണ്ടി"** എന്ന് രേഖപ്പെടുത്തി സീൽ ചെയ്ത കവറിൽ മാനേജിങ് ഡയറക്ടർ, കണ്ണൂർ ഇന്ററർനാഷണൽ എയർപോർട്ട് എന്ന പേരിൽ സമർപ്പിക്കേണ്ടതാണ്. വിശദ വിവരങ്ങൾ കണ്ണൂർ എയർപോർട്ടിന്റെ www.kannurairport.aero എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പ്രത്യേക മുന്നറിയിപ്പ് / കാരണങ്ങൾ കൂടാതെ തന്നെ ദർഘാസ് റദ്ദ് ചെയ്യുന്നതിനും പരിഷ്കരിക്കുന്നതിനും കാരണം കൂടാതെ തന്നെ മാറ്റം വരുത്തുന്നതിന് ആവശ്യമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം അതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമായിട്ടുള്ളതാകുന്നു.

- ദർഘാസ് വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയ്യതി - 04/12/2023 മുതൽ 18/12/2023 വരെ
- ദർഘാസ് സ്വീകരിക്കുന്ന അവസാന തീയ്യതി - 18/12/2023 (ഉച്ചയ്ക്ക് 2.30 വരെ)
- ദർഘാസ് തുറക്കുന്ന തീയ്യതി - 18/12/2023( ഉച്ചയ്ക്ക് 3 മണിക്ക്)
- ദർഘാസ് ഫോറം വില - 590 രൂപ

ഒപ്പ്

മാനേജിങ് ഡയറക്ടർ
കണ്ണൂർ ഇന്ററർനാഷണൽ എയർപോർട് ലിമിറ്റഡ്
മട്ടന്നൂർ , കണ്ണൂർ

KANNUR International Airport

## ദർഘാസ് വ്യവസ്ഥകൾ

1) കണ്ണൂർ ഇന്ററർനാഷണൽ എയർപോർട്ട് ക്യാമ്പസിൽ നിൽക്കുന്ന പാഴ് ചെടികൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനായി ഇനി പറയുന്ന നിബന്ധനകളും വ്യവസ്ഥകളും ബാധകമായിരിക്കും.

2) ദർഘാസിൽ ലഭിച്ച ഏറ്റവും കൂടിയ തുകയ്ക്കായിരിക്കും ദർഘാസ് അവാർഡ് ചെയ്യുക.

3) കരാറിൽ പങ്കെടുക്കുന്ന വ്യക്തിക്ക് പാൻ കാർഡ് , മേൽ വിലാസം, എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.അതിന്ടെ തെളിവുകൾ നൽകേണ്ടതാണ്.

4) ദർഘാസിനുമുമ്പായി ദർഘാസിൽ പങ്കെടുക്കുന്നവരും ദർഘാസുകൾ സമർപ്പിക്കുന്നവരും നിരതദ്രവ്യമായി 10,000 /- രൂപ ഡി.ഡി യായി (തിരികെ ലഭിക്കും) ദർഘാസിനൊപ്പം അടക്കേണ്ടതാണ്. നിരതദ്രവ്യം അടച്ചവർക്കുമാത്രമേ ദർഘാസിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളു. ഒരുകാരണവശാലും നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

5) ദർഘാസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ആയതിനു മുമ്പായി സ്ഥലം സന്ദർശിച്ചു പാഴ് ചെടികളുടെ എണ്ണം, അതിരുകൾ മുതലായവയുടെ വിവരങ്ങൾ മനസിലാക്കിയിരിക്കേണ്ടതാണ് ഇത് സംബന്ധിച് എന്തെങ്കിലും തർക്കമുണ്ടായാൽ കണ്ണൂർ എയർപോർട്ടിന്റെ തീരുമാനം അന്തിമമായിരിക്കും. അത് ചോദ്യം ചെയ്യാൻ പാടില്ലാത്തതാണ്.

6) കരാർ നടപ്പിലാക്കുന്ന തീയതി മുതൽ 30 ദിവസമാണ് കരാർ കാലയളവ്.

7) കരാറുകാരൻ കണ്ണൂർ എയർപോർട് നിശ്ചയിച്ച ലൊക്കേഷനുകളിൽ നിന്നും മാത്രമേ പാഴ് ചെടികൾ മുറിച്ചു കൊണ്ട് പോകാൻ പാടുള്ളു.

8) കരാർ പ്രദേശത്ത് നിന്നുള്ള മറ്റു മരങ്ങൾ നിയമവിരുദ്ധമായി മുറിക്കുകയോ നീക്കം ചെയ്യുകയോ ചെയ്താൽ കരാറുകാരൻ ഉത്തരവാദിയായിരിക്കും.

9) പാഴ് ചെടികൾ മാത്രമാണ് മുറിച്ചു മാറ്റേണ്ടത്.കണ്ണൂർ എയർപോർട്ട് നിശ്ചയിച്ച നിശ്ചിത ലൊക്കേഷനുകളിൽ നിന്നുമാണ് പാഴ് ചെടികൾ മുറിച്ചു മാറ്റേണ്ടത്.ലൊക്കേഷൻ സ്കെച്ച് അനുബന്ധം 3 ആയി നൽകിയിരിക്കുന്നു.

10) തീപിടുത്തം, വരൾച്ച, പ്രകൃതിക്ഷോഭം മുതലായവ മൂലം ഉണ്ടാകുന്ന മരങ്ങളുടെ നഷ്ടം, കരാറുകാരുടെ തൊഴിലാളികളുടെ സമരം, പണിമുടക്ക് മുതലായവ മൂലം ഉണ്ടാകുന്നതോ മറ്റേതെങ്കിലും വിധത്തിൽ ഉണ്ടാകുന്നതുമായ നാശനഷ്ടങ്ങൾക്ക് കണ്ണൂർ എയർപോർട്ട് ഉത്തരവാദികളായിരിക്കുന്നതോ നഷ്ട പരിഹാരങ്ങൾ നല്കുന്നതോ അല്ല. കരാറുകാരന്റെ തൊഴിലാളികൾക്കു ലഭിക്കേണ്ടതായ യാതൊരുവിധ ആനുകൂല്യങ്ങളോ നഷ്ടപരിഹാരമോ നൽകുന്നതിനു കണ്ണൂർ എയർപോർട്ടിന് ബാധ്യത ഉണ്ടായിരിക്കുന്നതല്ല. ആയത് കരാറുകാരൻ തന്നെ സ്വന്തം ഉത്തരവാദിത്വത്തിൽ നിർവഹിക്കേണ്ടതാണ്.

11) കരാറുകാരനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ തൊഴിലാളികളിൽ നിന്നോ കണ്ണൂർ എയർപോർട്ടിന്റെ സുഗമമായ പ്രവർത്തനത്തിന് യാതൊരു തടസവും ഉണ്ടാകുവാൻ പാടുള്ളതല്ല. മാത്രവുമല്ല നിയമവിധേയവുമല്ലാത്ത പ്രവൃത്തികൾ കരാറുകാരനോ ടിയാന്റെ തൊഴിലാളികളോ പ്ലോട്ടുകളിൽ ചെയ്യാൻ പാടുള്ളതല്ല.

12) കരാറുകാരനിൽ നിന്നോ ഏജന്റിൽ നിന്നോ ടിയാന്റെ തൊഴിലാളികളിൽ നിന്നോ കണ്ണൂർ എയർപോർട്ട് വക മരങ്ങൾക്കോ മറ്റു വസ്തുവകകൾക്കോ ഏതെങ്കിലും നാശനഷ്ടം സംഭവിച്ചാൽ കണ്ണൂർ എയർപോർട്ട് നിർദേശിക്കുന്ന നഷ്ടപരിഹാരത്തുക കരാറുകാരന്റെ സെക്യൂരിറ്റി ഡെപോസിറ്റിൽ നിന്നും വീണ്ടെടുക്കുന്നതാണ്. ഇതിൽ കണ്ണൂർ എയർപോട്ടിന്റെ തീരുമാനം അന്തിമവുമായിരിക്കുന്നതാണ്.

13) കരാറുകാരൻ യാതൊരു കാരണവശാലും സ്ഥിര സ്വഭാവമുള്ള നിർമാണ പ്രവർത്തനങ്ങൾ യാതൊന്നും തന്നെ കണ്ണൂർ എയർപോർട്ടിന്റെ ക്യാമ്പുസ്സിനുള്ളിൽ നടത്താൻ പാടുള്ളതല്ല.

14) കരാറുകാരന്റെ ജോലിസമയത്തുള്ള അപകടങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന workmen compensation പൂർണമായും കരാറുകാരന്റെ ഉത്തരവാദിത്വത്തിലായിരിക്കും.

15) കണ്ണൂർ എയർപോർട്ടും കരാറുകാരനും തമ്മിലുള്ള ആശയവിനിമയം എഴുതുകളിലൂടെയാവണം.

16) ദർഘാസുകൾ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി സ്വന്തം ഉത്തരവാദിത്വത്തിൽ പാഴ് ചെടികൾ മുറിച്ചു നീക്കം ചെയ്യേണ്ടതാണ്.

17) കരാർ വ്യവസ്ഥകൾക്ക് വിപരീതമായി കരാറുകാരനോ അയാളുടെ തൊഴിലാളികളോ പ്രവൃത്തിക്കുന്നതായി കണ്ണൂർ എയർപോർട്ടിനു ബോധ്യപ്പെട്ടാൽ മുന്നറിയിപ്പുകൂടാതെ കരാർ റദ്ദാക്കുന്നതിനുള്ള അധികാരം കണ്ണൂർ എയർപോർട്ടിനു ഉണ്ടായിരിക്കും. ഇതുമൂലം കണ്ണൂർ എയർപോർട്ടിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കും. ആയതിനാൽ ടിയാളിൽ നിന്ന് പിഴ ഈടാക്കുന്നതിന് കണ്ണൂർ എയർപോർട്ടിനു അർഹത ഉണ്ടായിരിക്കുന്നതുമാണ്.

18) ദർഘാസിൽ പങ്കെടുക്കുന്ന കോൺട്രാക്ടർ എല്ലാവ്യവസ്ഥകളും അംഗീകരിക്കുന്നതിനായി രേഖപ്പെടുത്തുന്നതിന് ഇതിനോടൊപ്പമുള്ള എല്ലാ പേജുകളിലും ഒപ്പിടേണ്ടതാണ്.

19) കരാർ ഉറപ്പിച്ച ആളിന്റേതൊഴികെ നിരതദ്രവ്യം ദർഘാസ് നടപടിക്രമം കഴിഞ്ഞതിനു ശേഷം പലിശകൂടാതെ തിരികെ നൽകുന്നതാണ്.

20) ദർഘാസിലോ ഇത് സംബന്ധമായ കരാർ വ്യവസ്ഥകളുടെ വ്യാഖ്യാനത്തിലോ ഏതെങ്കിലും തർക്കം ഉണ്ടാകുന്ന പക്ഷം കണ്ണൂർ എയർപോർട്ടിന്റെ മാനേജിങ്

ഡയറക്റ്ററർക് അതിൽ തീർപ്പു കല്പിക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതും. പ്രസ്തുത തീർപ്പു അന്തിമമായിരിക്കുന്നതുമാണ്.

21) ദർഘാസുകൾ കണ്ണൂർ എയർപോർട്ടിന്റെ ഓഫീസിൽ (Kannur International Airport, Mattannur – 670 702) താഴെ പറയുന്ന സമയത്തു സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്.

- ദർഘാസ് വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയ്യതി - 04/12/2023 മുതൽ 18/12/2023 വരെ
- ദർഘാസ് സ്വീകരിക്കുന്ന അവസാന തീയ്യതി - 18/12/2023 (ഉച്ചയ്ക്ക് 2.30 വരെ)
- ദർഘാസ് തുറക്കുന്ന തീയ്യതി - 18/12/2023 (ഉച്ചയ്ക്ക് 3 മണിക്ക്)
- ദർഘാസ് ഫോറം വില - 590 രൂപ

22) ദർഘാസ് സമർപ്പിച്ചതിനുശേഷം പിന്മാറുന്നവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതല്ല.

23) കരാർ നിയമപ്രകാരം കണ്ണൂർ എയർപോർട്ടിനും കരാറുകാരനുമായി ഏതെങ്കിലും വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം ആയതിന്റെ പരിധി കണ്ണൂർ /തിരുവനന്തപുരത്തുള്ള കോടതിയിൽ നിക്ഷിപ്തമായിരിക്കും.

24) മേല്പറഞ്ഞ ഏതെങ്കിലും വ്യവസ്ഥ ലങ്കിക്കുന്ന പക്ഷം ഈ ടെൻഡർ ഏതു സമയത്തും ക്യാൻസൽ ചെയ്യാനും EMD, ദർഘാസ് തുക എന്നിവ forfeit ചെയ്യാനും റീ- ടെൻഡർ ചെയ്യാനും റവന്യൂ റിക്കവറി നിയമനടപടികൾ നടത്തുന്നതിനും കണ്ണൂർ എയർപോർട്ടിനു അധികാരമുണ്ടായിരിക്കും.

25) എയർപോർട്ടിൽ നിന്നും കരാറുകാരൻ കൊണ്ടുപോകുന്ന സാധനങ്ങൾ പരിശോധിക്കാൻ മാനേജിങ് ഡയറക്റ്റർ ചുമതലപ്പെടുതിയിട്ടുള്ള ജീവനക്കാർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

26) സെക്യൂരിറ്റി ഓഫീസർ നൽകുന്ന ഗേറ്റ് പാസ് എടുക്കാതെ കരാറുകാരനോ അയാളുടെ ജോലിക്കാരോ എയർപോർട്ട് ക്യാമ്പസ്സിൽ പ്രവേശിക്കുകയോ ജോലി ആരംഭിക്കുകയോ ചെയ്യരുത്.

27) പാഴ് ചെടികൾ മുറിച്ചു നീക്കം ചെയ്യാൻ വരുന്ന ദിവസവും സമയവും എയർപോർട് ഓഫീസിൽ നിന്നും മുൻകൂർ അനുമതി എടുക്കേണ്ടതാണ്.

28) പാഴ് ചെടികൾ നീക്കം ചെയ്യുമ്പോൾ കണ്ണൂർ എയർപോർട്ടിന്റെ സ്ഥലത്തു സംഭവിച്ച കേടുപാടുകൾ കാരാറുകാരൻ നന്നാക്കണം.

29) കരാർ ഉറപ്പിച്ചു കിട്ടിയ വ്യക്തി കരാർ മറിച്ചു കൊടുക്കുവാൻ പാടില്ല.

30) കരാറുകാരൻ പാഴ് ചെടികൾ മുറിച്ചുകൊണ്ടുപോകുമ്പോൾ എയർപോർട്ടിൽ വന്നുപോകുന്ന യാത്രക്കാർക്കോ ജീവനക്കാർക്കോ യാതൊരുവിധ മാർഗ്ഗ തടസ്സവും സൃഷ്ടിക്കരുത്.

31) കരാറുകാരൻ ഇതിന്റെ കൂടെ ഉൾപ്പെടുത്തിയിട്ടുള്ള അനുബന്ധം – 1 ഉം , 2 ഉം എഴുതി സമർപ്പിക്കേണ്ടതാണ്.

**അനുബന്ധം - 1**

<u>പ്രഖ്യാപനം</u>

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും സത്യമാണെന്നും കണ്ണൂർ എയർപോർട്ടിന്റെ നിബന്ധനകൾ പേജ് 1 മുതൽ പേജ് 4 വരെ പൂർണ്ണമായി വായിച്ചു മനസ്സിലാക്കി അതനുസരിച്ചു അവ പാലിച്ചു കൊള്ളാമെന്നും കരാർ ലഭിക്കുകയാണെങ്കിൽ സ്വന്തം ഉത്തരവാദിത്വത്തിൽ പാഴ് ചെടികൾ മുറിച്ചു നീക്കം ചെയ്തു കൊള്ളാമെന്നും ഇതിനാൽ സമ്മതിച്ചിരിക്കുന്നു. മേൽപറഞ്ഞ പാഴ് ചെടികൾ എണ്ണവും മരങ്ങളും ഞാൻ നേരിൽ കണ്ട് ബോധ്യപ്പെട്ടതാകുന്നു

സ്ഥലം:
തീയതി:

കയ്യൊപ്പ്

**അനുബന്ധം - 2**

## <u>ഫിനാൻഷ്യൽ ബിഡ്</u>

1. ടെൻഡർ ചെയുന്ന വ്യക്തിയുടെ പേര് :
2. വിലാസം :
3. ഇ.എം .ഡി  അടച്ചതിന്റെ വിശദാംശങ്ങൾ :
4. ഡി.ഡി. നമ്പർ &തീയതി :
5. ബാങ്കിന്റെ പേര് :

| ക്രമ നമ്പർ | വിവരണം | വാഗ്ദാനം ചെയുന്ന തുക (രൂപ) (അക്കത്തിൽ) (excluding GST) | വാഗ്ദാനം ചെയുന്ന തുക (രൂപ) (അക്ഷരത്തിൽ) (excluding GST) |
|---|---|---|---|
| 1. | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ക്യാമ്പസിൽ നിൽക്കുന്ന പാഴ് ചെടികൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനായി (ഡ്രോയിങ്ങിൽ കാണിച്ചിരിക്കുന്ന സ്ഥലത്തു നിന്ന് മാത്രം) | | |

ടെണ്ടർ ചെയ്യുന്നയാളുടെ ഒപ്പ്:

പേരും വിലാസവും:

PRODUCED BY AN AUTODESK EDUCATIONAL PRODUCT




PRODUCED BY AN AUTODESK EDUCATIONAL PRODUCT

PRODUCED BY AN AUTODESK EDUCATIONAL PRODUCT

PRODUCED BY AN AUTODESK EDUCATIONAL PRODUCT